പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2165

19.6.2012 ൽ
മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ ഐ.ടി. പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| മുൻ സർക്കാർ കാസർഗോഡ് ജില്ലയിൽ അനുവദിച്ച ഐ.റ്റി. പാർക്ക് എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ഐ.റ്റി പാർക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ? | കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിൽ 100 ഏക്കർ ഭൂമിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനായി സർക്കാർ ഭരണാനുമതി നല്കിയിരുന്നു. റവന്യൂ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന പ്രസ്തുത ഭൂമി ഈ ആവശ്യത്തിനായി പാർക്കിന്റെ നിർമ്മാണത്തിന്റെ നടത്തിപ്പ് ചുമതലയുള്ള KSITIL ന് കൈമാറിക്കൊണ്ട് ഉത്തരവായെങ്കിലും KSITIL ന് ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കൈമാറിക്കിട്ടിയിരുന്നില്ല . എന്നാൽ ഐ.ടി. പാർക്കിനായി ഉദ്ദേശിച്ചിരുന്ന 100 ഏക്കർ സ്ഥലത്ത് ഓപ്പൺ ജയിൽ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുള്ളതാണെന്നും പകരം സ്ഥലം നല്കാമെന്നും കാസർഗോഡ് ജില്ലാ കളക്ടർ റവന്യൂ വകുപ്പിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ